# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1399      02.03.2017 ൽ മറുപടിയ്ക്ക്

## പട്ടയം നൽകുന്നതിന് നടപടി

**ചോദ്യം**

**ശ്രീ. രാജു എബ്രഹാം**

**മറുപടി**

**ശ്രീ.ഇ. ചന്ദ്രശേഖരൻ**

(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | റാന്നി നിയോജക മണ്ഡലത്തിൽ ഇനിയും പട്ടയം ലഭിച്ചിട്ടില്ലാത്ത പെരുമ്പെട്ടി, മടന്തമൺ, പമ്പാവാലി, എയ്ഞ്ചൽവാലി, മണക്കയം, വിമുക്തഭട കോളനി, വെച്ചൂച്ചിറ, അട്ടത്തോട് എന്നീ പ്രദേശങ്ങളിലെ കൈവശക്കാർക്ക് പട്ടയം നൽകുന്നതിന് ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) & (ബി)<br>റാന്നി നിയോജക മണ്ഡലത്തിൽ ഇനിയും പട്ടയം ലഭിക്കാത്ത പെരുമ്പട്ടി, മടന്തമൺ, പമ്പാവാലി, എയ്ഞ്ചൽവാലി, മണക്കയം, വിമുക്തഭട കോളനി വെച്ചൂച്ചിറ, അട്ടത്തോട് എന്നീ പ്രദേശങ്ങളിലെ കൈവശക്കാർക്ക് പട്ടയം നൽകുന്നതിനായി ബഹു. എം.എൽ.എ യുടെ സാന്നിധ്യത്തിൽ 13/2/2017 തീയതി ജില്ലാ കളക്ടർ യോഗം വിളിച്ച് ചർച്ച ചെയ്ത് പട്ടയം നൽകുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തിയിട്ടുള്ളതാണ്.<br><br>**പെരുമ്പട്ടി** - വനഭൂമിയിൽ ഉൾപ്പെട്ട പെരുമ്പട്ടിയിലെ കൈവശക്കാർക്ക് കൈവശരേഖ നൽകിയിട്ടുള്ളതാണ്. ആയതിൽ അർഹരായ 404 പേർക്ക് പട്ടയം നൽകുന്നതിന് കേന്ദ്രാനുമതി ആവശ്യമുള്ളതാണ്. ടി സ്ഥലത്തിൽ റവന്യൂ - വനം വകുപ്പ് സംയുക്ത പരിശോധന പൂർത്തിയായിട്ടുള്ളതും കേന്ദ്രാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നതുമാണ്. |
| (ബി) | ഇതിൽ സർക്കാർ അനുമതി ലഭിക്കേണ്ട സ്ഥലങ്ങൾ ഏതെല്ലാം; ഇതു സംബന്ധിച്ച് നിർദ്ദേശങ്ങൾ സർക്കാറിലേക്ക് നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ സഹിതം വ്യക്തമാക്കാമോ; ഇവർക്ക് എന്നത്തേക്ക് പട്ടയം നൽകാൻ കഴിയും എന്ന് വ്യക്തമാക്കാമോ? | **മടന്തമൺ** - റാന്നി താലൂക്കിൽ അത്തിക്കയം വില്ലേജിലെ മടന്തമൺ പ്രദേശത്തെ സർവ്വേ നമ്പർ 781/1-1ൽ ഉൾപ്പെട്ട 46 ഏക്കർ ഭൂമിയിൽ നിലവിലെ കൈവശക്കാർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.<br>**പമ്പാവാലി** - പമ്പാവാലി പ്രദേശത്ത് പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട് ഗവൺമെന്റ് ഉത്തരവായിട്ടുള്ളതും കൈവശക്കാർക്ക് പട്ടയം നൽകിയിട്ടുള്ളതുമാണ്. ബാക്കി പട്ടയം നൽകാനുള്ള ഏകദേശം 40 പേർക്ക് പട്ടയം നൽകുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നു.<br>**എയ്ഞ്ചൽവാലി** - ജില്ലാ അതിർത്തി തിട്ടപ്പെടുത്തി എങ്കിൽ മാത്രമേ ടി കൈവശക്കാർ പത്തനംതിട്ട |

| | | |
|---|---|---|
| | | ജില്ലയിൽ ഉൾപ്പെട്ടു വരുന്നവോയെന്ന് തീർച്ചപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ. അതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>**വെച്ചൂച്ചിറ വിമുക്തഭട കോളനി**<br>റാന്നി താലൂക്കിൽ കൊല്ലമുള വില്ലേജിൽ 300 വിമുക്തഭടൻമാർക്ക് അനുവദിച്ച 1500 ഏക്കറിൽ അനധികൃതമായി കൈവശം വച്ചിരുന്ന 33 ഏക്കർ സ്ഥലം പതിച്ചു നൽകണമെന്ന ആവശ്യം പരിശോധനയിലാണ്.<br>**അട്ടത്തോട്**- അട്ടത്തോട് ട്രൈബൽ സെറ്റിൽമെന്റ് കോളനി ഉൾപ്പെട്ടു വരുന്ന പ്രദേശമാണ്. ടി സ്ഥലം 01/10/77-ന് മുമ്പുള്ള വനഭൂമി കയ്യേറ്റ പ്രദേശമാണ്. കൈവശം തിട്ടപ്പെടുത്തുന്നതിനുള്ള നടപടി നടന്നു വരുന്നു. കേന്ദ്ര സർക്കാർ അനുമതിയോടുകൂടി മാത്രമേ തുടർ നടപടി സ്വീകരിക്കാനാകുകയുള്ളൂ. |

സെക്ഷൻ ഓഫീസർ